**I. തേജസ്സെന്നത് ദൈവത്തിന്റെ ഒരു സദ്ഗുണമാണ്; തേജസ്സ് ദൈവത്തിന്റെ ആവിഷ്കാരം, ദൈവം പ്രതാപത്തിൽ ആവിഷ്കരിക്കപ്പെടുന്നതാണ്**

[Rom. 3:23] എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു, [Acts 7:2] ..മെസൊപ്പൊത്താമ്യയിൽ ആയിരിക്കുമ്പോൾ തേജസ്സിന്റെ ദൈവം നമ്മുടെ പിതാവായ അബ്രാഹാമിന് പ്രത്യക്ഷനായി.

**II. ദൈവത്തിന്റെ തേജസ്സ് അന്തഃസ്ഥിതമായി ദൈവത്തിന്റെ വ്യവസ്ഥയോട് ബന്ധപ്പെട്ടിരിക്കുന്നു**

- A) ത്രിയേക ദൈവം തേജസ്സിന്റെ ദൈവമാണ്; B) ദൈവത്തിന്റെ നിത്യ ലക്ഷ്യം തന്റെ അനേകം പുത്രന്മാരെ തേജസ്സിലേക്ക് കൊണ്ടുവരിക എന്നതാണ്; C) ദൈവത്തിന്റെ തേജസ്സിൽ മനുഷ്യൻ അവനെ ആവിഷ്കരിക്കുന്നതിനായി ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചു; D) പാപം ചെയ്യുകയെന്നാൽ ദൈവത്തിന്റെ തേജസ്സിൽ കുറവുള്ളവനാകുക എന്നാണ്; E) ക്രിസ്തുവിന്റെ വീണ്ടെടുപ്പ് ദൈവത്തിന്റെ തേജസ്സിന്റെ ആവശ്യകതകൾ നിറവേറ്റിയിരിക്കുന്നു; F) ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷം മുഖാന്തരം തന്റെ നിത്യ തേജസ്സിനാലും നിത്യ തേജസ്സിലേക്കും ദൈവം നമ്മെ വിളിച്ചിരിക്കുന്നു; G) സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു തേജസ്സിന്റെ പ്രത്യാശയായി നമ്മിൽ വസിക്കുന്നു; H) നാം കർത്താവിന്റെ തേജസ്സിനെ കാണുകയും പ്രതിബിംബിക്കുകയും ചെയ്യുമ്പോൾ, നാം തേജസ്സിൽനിന്ന് തേജസ്സിലേക്ക് കർത്താവിന്റെ സ്വരൂപമായി രൂപാന്തരപ്പെടുന്നു; I) ദൈവത്തിന്റെ ജൈവിക രക്ഷയുടെ ലക്ഷ്യവും, ഈ രക്ഷയുടെ അവസാനത്തെ ഘട്ടവും തേജസ്സാണ്—നമ്മുടെ തേജസ്കരണമാണ്; J) നാം ദൈവത്തിന്റെ തേജസ്സുള്ള സംഘാത ആവിഷ്കാരമായിത്തീരത്തക്കവണ്ണം നമ്മിലേക്ക് പണിതുചേർക്കപ്പെടുന്ന ത്രിയേക ദൈവമാണ് ദൈവത്തിന്റെ കെട്ടിടം; K) ദൈവത്തിന്റെ രാജ്യവും ദൈവത്തിന്റെ തേജസ്സും അവിഭാജ്യമായതിനാൽ, വരാനിരിക്കുന്ന രാജ്യത്തിൽ ദൈവത്തിന്റെ തേജസ്സ് പ്രത്യക്ഷമാകും; L) പുതിയ യെരൂശലേമിന്റെ ഒരു ശ്രദ്ധേയമായ സവിശേഷത അതിന് ദൈവത്തിന്റെ തേജസ്സ്, അവന്റെ ആവിഷ്കാരം, ഉണ്ട് എന്നതാണ്; ഒരു സംഘാത വ്യക്തിയായ പുതിയ യെരൂശലേം എന്ന മുഴുവൻ നഗരവും ദൈവത്തിന്റെ തേജസ്സ് വഹിക്കും, അത് ദൈവം താൻതന്നെ തന്റെ ഭാര്യയായ നഗരത്തിലൂടെ പ്രകാശിക്കുന്നതാണ്; M) ദൈവത്തിന്റെ വ്യവസ്ഥയിലെ ദൈവത്തിന്റെ തേജസ്സിൽ ദിവ്യ വെളിപാടിന്റെ ഉന്നത ശിഖരം ഉൾപ്പെടുന്നു—ദൈവത്വത്തിലല്ല, ജീവനിലും, പ്രകൃതത്തിലും, ആവിഷ്കാരത്തിലും മനുഷ്യൻ ദൈവമായിത്തീരത്തക്കവണ്ണം ദൈവം മനുഷ്യനായിത്തീരുന്നു; N) ദൈവത്തിന്റെ വ്യവസ്ഥയുടെ ലക്ഷ്യം നാം എല്ലാവരും അവന്റെ തേജസ്സിനെ പ്രകാശിപ്പിക്കുക എന്നതാണ്.

  [Heb. 2:10] ...അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു. [Col.1:27] ..മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു. [2 Cor. 3:18] എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു. [Rev. 21:11] അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു.

**III. ദൈവത്തിന്റെ തേജസ്സിൽ ക്രിസ്തുവിന്റെ ജഡാവതാരവും, മനുഷ്യജീവിതവും, ക്രൂശുമരണവും, പുനരുത്ഥാനവും, ആരോഹണവും, മടങ്ങിവരവും, പുതിയ യെരൂശലേമിൽ അവൻ വിളക്കായിരിക്കുന്നതും ഉൾപ്പെടുന്നു**

- തന്റെ ജീവിതത്തിലും വേലയിലും കർത്താവായ യേശു സ്വന്തം തേജസ്സല്ല, തന്നെ അയച്ചവന്റെ തേജസ്സാണ് അന്വേഷിച്ചത്; ക്രിസ്തു തന്റെ പുനരുത്ഥാനത്തിൽ തേജസ്കരിക്കപ്പെട്ടു; ക്രിസ്തു തന്റെ ആരോഹണത്തിൽ തേജസ്കരിക്കപ്പെട്ടു; ; കർത്താവ് മനുഷ്യപുത്രനായി പിതാവിന്റെ തേജസ്സിൽ വരും; നിത്യതയോളം പുതിയ യെരൂശലേമിൽ കുഞ്ഞാടായ ക്രിസ്തു വിളക്കെന്ന നിലയിൽ ദൈവതേജസ്സോടുകൂടെ പുതിയ യെരൂശലേമിനെ പ്രകാശിപ്പിക്കുവാൻ വെളിച്ചമായ ദൈവത്തോടുകൂടെ പ്രകാശിക്കും, ആ തേജസ്സ് ദിവ്യ വെളിച്ചത്തിന്റെ ആവിഷ്കാരമാണ്. [John 7:18] തന്നിൽനിന്ന് സംസാരിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവനോ, അവൻ സത്യവാൻ ആകുന്നു, അവനിൽ അനീതി ഇല്ല. [Matt. 25:31] എന്നാൽ മനുഷ്യപുത്രൻ തന്റെ തേജസ്സിൽ തന്നോടൊപ്പം സകല ദൂതന്മാരുമായി വരുമ്പോൾ, അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിന്മേൽ ഇരിക്കും.

## IV. കർത്താവായ യേശുവിന്റെ തേജസ്സും തേജസ്കരണവും യോഹന്നാന്റെ സുവിശേഷത്തിൽ നമുക്ക് കാണുവാൻ കഴിയും

- യോഹന്നാന്റെ പുസ്തകത്തിൽ, കർത്താവിന്റെ ദിവ്യത്വം തന്റെ ദൈനംദിന നടത്തത്തിൽ വെളിപ്പെട്ടു അതുപോലെ അവന്റെ കായാന്തരണം പർവ്വതത്തിൽ വെളിപ്പെട്ടു. അവൻ തന്നിൽനിന്നോ മനുഷ്യരിൽനിന്നോ മഹത്വം അന്വേഷിക്കാതെ തന്നെ അയച്ചവന്റെ മഹത്വം അന്വേഷിച്ചു. യോഹന്നാൻ 17-ലെ പ്രാർഥനയ്ക്കുമുമ്പ് താൻ തേജസ്കരിക്കപ്പെടുമെന്നും പിതാവ് അവനിൽ തേജസ്കരിക്കപ്പെടുമെന്നും കർത്താവായ യേശു മുൻകൂട്ടി പറഞ്ഞു; തന്റെ മനുഷ്യത്വത്തെ ദിവ്യ മൂലകത്തിലേക്ക് ഉയർത്തുകയും അവന്റെ ദിവ്യ മൂലകം ആവിഷ്കരിക്കപ്പെടുകയും ചെയ്യേണ്ടതിന് ക്രിസ്തു ഉയിർത്തെഴുന്നേൽക്കണമായിരുന്നു, അതിന്റെ ഫലമായി അവന്റെ മുഴുവൻ ആളത്തവും, അവന്റെ ദിവ്യത്വവും അവന്റെ മനുഷ്യത്വവും, തേജസ്കരിക്കപ്പെടും; അങ്ങനെ പിതാവ് പുത്രനിൽ തേജസ്കരിക്കപ്പെടും. ഒരുമയുടെ ഏറ്റവും ഉയർന്ന ഘട്ടത്തിലേക്ക്—ത്രിയേക ദൈവത്തിന്റെ സംഘാത ആവിഷ്കാരതത്തിനുവേണ്ടി ദിവ്യ തേജസ്സിലുള്ള ഒരുമയിലേക്ക്—നാം പ്രവേശിക്കണമെന്ന് കർത്താവായ യേശു പ്രാർഥിച്ചു; ഇതാണ് വിശ്വാസികളുടെ ഏറ്റവും ആഴമേറിയ ഒരുമ, ദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിനു വേണ്ടി ദിവ്യ തേജസ്സിലുള്ള ഒരുമ. ഒരുമയുടെ ഈ വശത്ത്, വിശ്വാസികൾ, അവരുടെ സ്വയം പൂർണ്ണമായി ത്യജിക്കുകയും, അവരുടെ തികഞ്ഞതാക്കപ്പെട്ട ഒരുമയുടെ ഘടകമായ പിതാവിന്റെ തേജസ്സ് ആസ്വദിക്കുകയും, അങ്ങനെ ദൈവത്തെ സംഘാതമായ, പണിയപ്പെട്ട ഒരു രീതിയിൽ ആവിഷ്കരിക്കുകയും ചെയ്യുന്നു. [John 1:14] ..(ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു),... [Matt. 17:2] അവരുടെ മുമ്പാകെ അവൻ കായാന്തരപ്പെട്ടു; അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിക്കുകയും അവന്റെ വസ്ത്രങ്ങൾ വെളിച്ചംപോലെ വെള്ളയായിത്തീരുകയും ചെയ്തു. [John 12:23] യേശു അവരോട് ഉത്തരം പറഞ്ഞത്, മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു. [John 17:1] ..യേശു പറഞ്ഞു, പിതാവേ, നാഴിക വന്നിരിക്കുന്നു; പുത്രൻ നിന്നെ തേജസ്കരിക്കേണ്ടതിന്, നിന്റെ പുത്രനെ തേജസ്കരിക്കേണമേ; [John 17:22-23] നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു എന്നും ലോകം അറിയേണ്ടതിനു, ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ.

## V. ത്രിയേക ദൈവത്തിന്റെ ദേഹരൂപമെന്ന നിലയിൽ, പുത്രനായ ക്രിസ്തു പിതാവിന്റെ തേജസ്കരണമാണ്

- തേജസ്കരണം അർഥമാക്കുന്നത് വെളിവാക്കലിനെയാണ്; തേജസ്കരിക്കപ്പെടുന്നത് വെളിവാക്കുന്നതാണ്. പുനരുത്ഥാനം ജീവന്റെ വിടുതലും, ജീവന്റെ ഈ വിടുതൽ തേജസ്കരണത്തിന്റെ വിഷയവുമാണ്; അതുകൊണ്ട് തേജസ്കരണം പുനരുത്ഥാനത്തിന്റെ പര്യായപദമാണ്. പുത്രനിലും പുത്രനിലൂടെയും പിതാവ് തേജസ്കരികരിക്കപ്പെടേണ്ടതിന് ഇന്ന് സഭയാലാണ് പുത്രൻ തേജസ്കരിക്കപ്പെടുന്നത്. തേജസ്സെന്നത് ദിവ്യ ജീവന്റെയും ദിവ്യ പ്രകൃതത്തിന്റെയും ആവിഷ്കാരമാണ്; ദിവ്യ ജീവനാലും ദിവ്യ പ്രകൃതത്താലും നാം എത്രയധികം ജീവിക്കുന്നുവോ അത്രയധികം ദിവ്യ തേജസ്സ് സഭയിൽ ഉണ്ടായിരിക്കും. അത്ഭുതകരമായ സംയോജിക്കുന്ന ഒരുമയിൽ, പുത്രനിൽ പിതാവിനോടുകൂടെയുള്ള ക്രിസ്തുവിന്റെ വിശ്വാസികളുടെ ജൈവിക ഐക്യം മുഖാന്തരം, പിതാവ് തേജസ്കരിക്കപ്പെടുന്നു. നാം ഒന്നായിരിക്കുമ്പോൾ, ക്രിസ്തു തേജസ്കരിക്കപ്പെടുന്നു, പിതാവും തേജസ്കരിക്കപ്പെടുന്നു. യോഹന്നാൻ 17-ലെ ഒരുമ പുത്രനിൽ പിതാവിന്റെ തേജസ്കരണത്തിനു വേണ്ടിയാണ്; ഈ ഒരുമ വാസ്തവത്തിൽ ദിവ്യ തേജസ്കരണമാണ്. ദിവ്യ തേജസ്കരണത്തിൽ ത്രിയേക ദൈവം മനുഷ്യത്വത്തിൽ തേജസ്കരിക്കപ്പെടുകയും, മനുഷ്യത്വം ദിവ്യത്വത്തിൽ തേജസ്കരിക്കപ്പെടുകയും ചെയ്യുന്നു. [John 17:5] ഇപ്പോഴോ പിതാവേ, ലോകം ഉണ്ടാകുന്നതിനു മുമ്പേ എനിക്കു നിന്നോടുകൂടെ ഉണ്ടായിരുന്ന തേജസ്സുകൊണ്ട്, നിന്നോടുകൂടെത്തന്നെ എന്നെ തേജസ്കരിക്കേണമേ. [Eph. 3:21] സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.